# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

**ഒക്ടോബർ 2**

**October 2**

**2018**

***1193 കന്നി 16 ചൊവ്വ***

# പത്രക്കുറിപ്പ്-1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657


**ഗാന്ധിജയന്തി വാരാചരണത്തിന് തുടക്കമായി**

## ഗാന്ധിയൻ ദർശനങ്ങളുടെ പ്രസക്തി കാലദേശാന്തരങ്ങൾക്കപ്പുറം : മന്ത്രി മാത്യു ടി തോമസ്

കാലദേശാന്തരങ്ങൾക്കപ്പുറമായ പ്രസക്തിയാണ് അഹിംസയുടെ വക്താവായിരുന്ന ഗാന്ധിജിയുടെ ദർശനങ്ങൾക്കെന്ന് ജലവിഭവ വകുപ്പ് മന്ത്രി മാത്യു ടി തോമസ് പറഞ്ഞു. ജില്ലാ തല ഗാന്ധിജയന്തി വാരാചരണം പത്തനംതിട്ട ടൗൺ ഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഓരോ രാജ്യത്തെയും ജനതയ്ക്ക് തങ്ങളുടെ ഭാഗധേയം നിർണിക്കാൻ അവകാശമുണ്ടെന്ന് ലോകത്തിൽ ആദ്യമായി കാട്ടിത്തന്ന വ്യക്തിയാണ് മഹാത്മാ ഗാന്ധി. സ്വാശ്രയ പ്രസ്ഥാനങ്ങളിലൂടെ ഗാന്ധിജി സാമ്പത്തിക രംഗത്തെ വേറിട്ട സമരമാർഗമാണ് ലക്ഷ്യം വച്ചത്. ഉപ്പു സത്യാഗ്രഹത്തിലൂടെയും ഖാദി പ്രസ്ഥാനത്തിലൂടെയും സാമ്പത്തിക ചൂഷണത്തിൽ നിന്നും ജനതയെ മോചിപ്പിക്കണം എന്ന സന്ദേശമാണ് ഗാന്ധിജി നൽകിയത്.

സാമ്രാജ്യത്വ വിരുദ്ധമായ ചിന്താഗതി ലോകജനതയിൽ വളർത്തിയെടുക്കാൻ സാധിച്ചു എന്നതാണ് ഗാന്ധിയൻ ആദർശങ്ങളുടെ വിജയം. രാഷ്ട്രീയ സ്വാതന്ത്ര്യത്തിനപ്പുറം സാമ്പത്തിക സ്വാതന്ത്ര്യവും ലക്ഷ്യമിട്ടുള്ള ഗാന്ധിജിയുടെ സമരങ്ങൾ എക്കാലവും നമ്മൾ പഠിച്ചിരിക്കേണ്ടതും പ്രചരിപ്പിക്കേണ്ടതുമാണ്. അധികാര സ്ഥാനങ്ങൾ ത്യജിച്ച് ജനനന്മയ്ക്കായി അഹോരാത്രം പണിപ്പെട്ട ഗാന്ധിജി സ്വജീവിതത്തിലൂടെ സമൂഹത്തിന് സന്ദേശം നൽകി. ശുചിത്വത്തിന്റെ മഹത്വം ഇന്ത്യയിൽ പ്രചരിച്ചതും മാതൃകയാക്കിയതും ഗാന്ധിജിയിലൂടെയാണ്. അഴിമതിയില്ലാത്ത രാഷ്ട്രഭരണം സ്വപ്നംകണ്ട ഗാന്ധിജിയുടെ മാർഗം ഓരോ പൗരനും പിന്തുടരേണ്ട

തുണ്ടെന്നും മന്ത്രി പറഞ്ഞു.

ജില്ലാ ഭരണകൂടം, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്, ഹരിതകേരളം, ശുചിത്വമിഷൻ, പോലീസ്, എക്സൈസ്, എസ്.പി.സി, നാഷണൽ സർവീസ് സ്കീം, ഐടി മിഷൻ, വിവിധ വകുപ്പുകൾ, സർവോദയ സംഘം ഉൾപ്പെടെ വിവിധ ഗാന്ധിയൻ സംഘടനകൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഗാന്ധിജന്തി വാരാചരണ പരിപാടിയിൽ നഗരസഭാ ചെയർപേഴ്സൺ അഡ്വ.ഗീതാ സുരേഷ് അധ്യക്ഷത വഹിച്ചു. ജില്ലാ കലക്ടർ പി ബി നൂഹ്, എ ഡി എം പി.റ്റി.എബ്രഹാം, കൗൺസിലർ പി കെ ജേക്കബ്, ജില്ലാ ലൈബ്രറി കൗൺസിൽ പ്രസിഡന്റ് പ്രഫ. ടി കെ ജി നായർ, സാമൂഹ്യ പ്രവർത്തക ഡോ എം എസ് സുനിൽ, ഹരിതകേരളം ജില്ലാ കോ ഓർഡിനേറ്റർ ആർ രാജേഷ്, ശുചിത്വമിഷൻ ജില്ലാ കോ ഓർഡിനേറ്റർ ആർ രശ്മി മോൾ, ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ കെ ചന്ദ്രപാലൻ, ഡി വൈ എസ് പി ആർ പ്രദീപ് കുമാർ, എൻ എസ് എസ് കോ ഓർഡിനേറ്റർ ബിജുകുമാർ, സർവോദയ സംഘം പ്രവർത്തകരായ ഭേഷജം പ്രസന്നകുമാർ, പ്രഫ. റ്റി റ്റി ഡാനിയേൽ, എൻഎസ്എസ് പ്രോഗ്രാം കോ ഓർഡിനേറ്റർ ജേക്കബ് ജോൺ, ജില്ലാ ഇൻഫർമേഷൻ ഓഫീസർ സി മണിലാൽ, അസിസ്റ്റന്റ് എഡിറ്റർ പി.ആർ.സാബു, അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർ കെ.പി.ശ്രീഷ് തുടങ്ങിയവർ സംസാരിച്ചു.

മുഖ്യമന്ത്രി പിണറായി വിജയൻ നൽകിയ ഗാന്ധിദിന സന്ദേശം ഉദ്ഘാടന വേദിയിൽ പ്രദർശിപ്പിച്ചു. ജില്ലാ ഇൻഫർമേഷൻ ഓഫീസിന്റെ ആഭിമുഖ്യത്തിൽ ഗാന്ധിസൂക്ത ചിത്രപ്രദർശനം നടത്തി. തൈക്കാവ് ഗവ. എച്ച് എച്ച് എസ് ലെ സ്റ്റുഡന്റ്സ് പൊലീസ് കേഡറ്റുകൾ ശേഖരിച്ച 30,000 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകി. മന്ത്രി മാത്യു ടി തോമസ് എസ് പി സി ജില്ലാ നോഡൽ ഓഫീസറും ഡി വൈ എസ് പിയുമായ ആർ പ്രദീപ് കുമാറിൽ നിന്നും തുക ഏറ്റുവാങ്ങി. (പിഎൻപി 4174/18)

## പ്രളയ സ്മൃതിയുടെ കടലിരമ്പം തീർത്ത് ജില്ലാ ശുചിത്വമിഷന്റെ തെരുവുനാടകം

ശാന്തമായ പമ്പാനദി ഉഗ്രരൂപിണിയാകുന്നതും പ്രളയമായി വർഷിക്കുന്നതും കാട്ടിത്തന്ന തെരുവ് നാടകം ഓർമകളുടെ കടലിരമ്പം തീർത്തു. ഗാന്ധിജയന്തി വാരോചരണത്തോട് അനുബന്ധിച്ച് ജില്ലാ ശുചിത്വമിഷന്റെ നേതൃത്വത്തിലാണ് പത്തനംതിട്ട ൗൺ ഹാളിൽ നാടകം സംഘടിപ്പിച്ചത്. പ്രളയം ജനങ്ങൾ മറന്നു തുടങ്ങിയെങ്കിലും ഇനിയും ജീവിതം സാധാരണ ഗതിയിൽ ആകാത്ത ഒട്ടനവധി മനുഷ്യർ നമുക്ക് ചുറ്റുമുണ്ടെന്ന ഓർമപ്പെടുത്തലായിരുന്നു നാടകം. പ്രളയത്തിൽ ജനങ്ങൾ ഭരണകൂടത്തോടൊപ്പം ഒറ്റക്കെട്ടായി നിന്നെന്നും മത്സ്യത്തൊഴിലാളികളും പൊലീസും പട്ടാളവുമെല്ലാം രക്ഷാപ്രവർത്തനത്തിൽ പങ്കാളികളായെന്നും നാടകത്തിൽ പാമർശിക്കുന്നു. സ്വന്തം മുതുക് ചവിട്ട് പടിയാക്കി കേരള ജനതയെ രക്ഷപ്പെടുത്തിയ ജൈസലും കഥാപാത്രമായി. ജീവൻ തൃണവത്ഗണിച്ച് രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ട മത്സ്യത്തൊഴിലാളികൾ തന്നെയാണ് കേരളത്തിന്റെ സൈന്യം എന്ന് പറയുന്നിടത്താണ് നാടകത്തിന് തിരശ്ശീല വീഴുന്നത്.

നാടക് എന്ന കലാകരൻമാരുടെ കൂട്ടായ്മയാണ് തെരുവ് നാടകത്തിന്റെ പിന്നണിയിൽ പ്രവർത്തിച്ചത്. ജില്ലാ കലക്ടർ പി ബി നൂഹ് ആദ്യാന്തം കാഴ്ചക്കാരനായി. നാടകത്തിലെ ഓരോ രംഗങ്ങളും ദുരന്ത ദിനങ്ങൾ ഓർമപ്പെടുത്തുന്നതായിരുന്നുവെന്നും ജനങ്ങളിൽ സംസ്ഥാനത്തിന്റെ പുനർനിർമാണ സന്ദേശം നൽകാൻ നാടകത്തിന് സാധിക്കുമെന്നും കലക്ടർ പറഞ്ഞു.

കൊല്ലം പി ജെ ഉണ്ണികൃഷ്ണൻ രചിച്ച കനിവോടെ പത്തനംതിട്ട എന്ന നാടത്തിന്റെ സംവിധാനം രാജു ശിവദാസ് നിർവഹിച്ചു. അനിൽ ഡി പ്രകാശ് കലാസംവിധാനവും സന്തോഷ് നീരാവിൽ സാങ്കേതിക സംവിധാനവും നിർവഹിച്ചു. 14 കലാകാരൻമാർ അണിനിരന്ന സംഘം പത്തനംതിട്ട പുതിയ ബസ് സ്റ്റാൻഡ് പരിസരം, കോഴഞ്ചേരി ബസ് സ്റ്റാൻഡ് പരിസരം,

തിരുവല്ല പ്രൈവറ്റ് ബസ് സ്റ്റാൻഡ് പരിസരം, അടൂർ കെഎസ്ആർടിസി പരിസരം എന്നിവിടങ്ങളിലും നാടകം അവതരിപ്പിച്ചു. (പിഎൻപി 4175/18)

## വിദ്യാർഥികളോടൊപ്പം നഗരശുചീകരണത്തിൽ പങ്കാളിയായി ജില്ലാ കലക്ടറും

ഗാന്ധിജയന്തി വാരാഘോഷങ്ങളുടെ ഭാഗമായി നടത്തിയ നഗരശുചീകരണത്തിൽ പങ്കാളിയായി ജില്ലാ കലക്ടർ പി ബി നൂഹും. പത്തനംതിട്ട പ്രൈവറ്റ് ബസ്സ്റ്റാന്റിൽ നടന്ന ശുചീകരണ പ്രവർത്തിയിലാണ് ജില്ലാ കലക്ടർ വിദ്യാർഥികൾക്കൊപ്പം പങ്കാളിയായത്. കൈയിൽ ഗ്ലൗസും മാലിന്യം ശേഖരിക്കാൻ കാരിബാഗുമായെത്തിയ ജില്ലാ കലക്ടറെ കണ്ടതോടെ വിദ്യാർഥികൾക്ക് ആവേശമായി. ജില്ലയുടെ ഭരണസാരഥിയാണ് തങ്ങളുടെ മുന്നിൽ ചപ്പുചവറുകൾ പെറുക്കാൻ എത്തിയിട്ടുള്ളതെന്നത് വിദ്യാർഥികൾക്ക് കൂടുതൽ ആവേശം പകർന്നു. ജില്ലാ ഹരിതകേരളം മിഷൻ, ജില്ലാ ശുചിത്വമിഷൻ, നാഷണൽ സർവീസ് സ്കീം, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്സ് തുടങ്ങിയവർ ശുചീകരണ .യജ്ഞത്തിൽ പങ്കാളിയായി.

ശുചീകരണ പ്രവർത്തികൾ ഒറ്റദിവസംകൊണ്ട് അവസാനിക്കുന്നതല്ലെന്നും അത് ജീവിതത്തിൽ പകർത്തേണ്ട ചര്യയാണെന്നും കലക്ടർ പറഞ്ഞു. ജില്ലയിൽ എമ്പാടും ശുചീകരണ പ്രവർത്തനങ്ങൾ നടത്താൻ സർക്കാർ നിർദേശമുണ്ട്. ഇതിൻ പ്രകാരം എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും ശുചീകരണം നടത്തിവരികയാണെന്നും ജനങ്ങളിൽ നിന്നും നല്ല പ്രതികരണമാണ് ലഭിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. ശുചിത്വമിഷൻ ജില്ലാ കോ ഓർഡിനേറ്റർ ആർ രശ്മി മോൾ, എൻ എസ് എസ് കോ ഓർഡിനേറ്റർ ബിജുകുമാർ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

തൈക്കാവ് ഗവ.എച്ച് എസ് എസ് ലെ വിദ്യാർഥികളുടെ നേതൃത്വത്തിൽ കലക്ട്രേറ്റ് കവാടം ശുചീകരിച്ചു. (പിഎൻപി 4176/18)




**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| ഒക്ടോബർ 2 | |
|---|---|
| October 2 | 2018 |

*1193 കന്നി 16 ചൊവ്വ*

## പത്രക്കുറിപ്പ്-2



**www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657**


---

### ശുചീകരണ പ്രവർത്തനങ്ങൾ നടത്തി എക്സൈസ് വകുപ്പ്

ഗാന്ധി ജയന്തി വരാചാരണത്തിന്റെ ഭാഗമായി ശുചീകരണ പ്രവർത്തനങ്ങൾ നടത്തി ജില്ലയിലെ എക്സൈസ് വകുപ്പ്. നഗരസഭ കൗൺസിലർ പി.കെ ജേക്കബ് ശുചീകരണ പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തു. പത്തനംതിട്ട ജില്ലാ ആശുപത്രി പരിസരമാണ് ശുചീകരിച്ചത്. മൂന്ന് സംഘങ്ങളായി തിരിഞ്ഞാണ് ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയത്. താലൂക്ക് ആസ്ഥാനങ്ങളിലും പ്രത്യേക ശുചീകരണ പ്രവർത്തനങ്ങളും ബോധവത്കരണ പരിപാടികളും നടത്തുന്നുണ്ടെന്ന് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ കെ.ചന്ദ്രപാലൻ അറിയിച്ചു. അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ ചന്തു, ആർ എം ഒ ഡോ.ആഷിക്ക് മോഹൻ, സ്റ്റാഫ് അസോസിയേഷൻ പ്രസിഡന്റ് ഷാബു തോമസ് തുടങ്ങിയർ പങ്കെടുത്തു.

(പിഎൻപി 4177/18)

### പുതിയ വിദ്യാലയം പുതിയ സംസ്കാരം സൃഷ്ടിക്കുന്നു – അൽഫോൺസ് കണ്ണന്താനം

ഒരു പ്രദേശത്ത് ഒരു പുതിയ വിദ്യാലയം ഉണ്ടാകുമ്പോൾ അവിടെ ഒരു പുതിയ സംസ്കാരമാണ് സൃഷ്ടിക്കപ്പെടുന്നതെന്ന് കേന്ദ്ര ടൂറിസം സഹമന്ത്രി അൽഫോൺസ് കണ്ണന്താനം പറഞ്ഞു. കോന്നി അട്ടച്ചാക്കൽ സെന്റ് ജോർജ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ കോന്നി കേന്ദ്രീയവിദ്യാലയത്തിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. കേരളത്തിന്റെ വിദ്യാഭ്യാസ രംഗത്ത് സമഗ്രമായ മാറ്റം ആവശ്യമാണ്. ഇതിനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. കാലഘട്ടത്തിന് അനുസൃതമായി സമൂഹനിർമിതിക്ക് ഉതകുന്ന രീതിയിൽ വിദ്യാ

ഭ്യാസരീതികളിൽ മാറ്റമുണ്ടാകണം.

ദൈവം ഒരുപാട് കഴിവുകൾ നൽകിയാണ് എല്ലാവരെയും ഭൂമിയിലേക്ക് അയച്ചിട്ടുള്ളത്. തന്റെ ചുറ്റുപാടുമുള്ള ജനങ്ങളുടെ ജീവിതത്തിൽ മാറ്റം വരുത്തുന്നതിന് ഒരോരുത്തർക്കും കഴിയണം. വിദ്യാർഥികളെ ശരിയായ പാതയിൽ നയിക്കുന്നതിന് രക്ഷകർത്താക്കൾക്ക് വലിയ പങ്കാണുള്ളത്. വൈകുന്നേരങ്ങളിൽ ടെലിവിഷനുകളുടെ മുന്നിലും നവമാധ്യമങ്ങളിലും മുഴുകുന്ന രക്ഷിതാക്കൾ തെറ്റായ ഒരു സന്ദേശം കുട്ടികൾക്ക് നൽകുകയാണ്. ഈ സമയം കുട്ടികളോടൊപ്പം ചെലവഴിക്കുകയാണെങ്കിൽ അത് അവരിൽ വലിയ പ്രചോദനവും ആത്മവിശ്വാസവും നൽകും. ഇത്തരത്തിൽ കുട്ടികളുടെ ജീവിതത്തിൽ മാറ്റം വരുത്തുവാൻ രക്ഷിതാക്കൾ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ട കാലഘട്ടമാണിതെന്നും മന്ത്രി പറഞ്ഞു. കടൽത്തീരത്തുകൂടെ നടന്നുപോകുന്ന പ്രായമായ ഒരു മനുഷ്യന്റെ കഥ ഓർമ്മിപ്പിച്ചുകൊണ്ടാണ് മന്ത്രി പ്രസംഗം ആരംഭിച്ചത്. ആഞ്ഞടിക്കുന്ന തിരയിൽ ധാരാളം മത്സ്യങ്ങൾ കടൽത്തീരത്തെത്തുന്നു. ജീവനുവേണ്ടി പിടയ്ക്കുന്ന അവയെ കൈകൊണ്ട് പെറുക്കി കടലിലേക്കെറിഞ്ഞ വൃദ്ധനെ അവിടെകൂടിനിന്ന ചെറുപ്പക്കാർ പരിഹസിച്ചു. ആയിരക്കണക്കിന് മത്സ്യങ്ങൾ ജീവനുവേണ്ടി പിടയ്ക്കുമ്പോൾ ഓരോന്നിനെ കൈകൊണ്ടുപെറുക്കി കടലിലേക്ക് എറിയുന്ന വൃദ്ധന്റെ മണ്ടത്തരത്തെ അവർ കളിയാക്കി. എന്നാൽ ശാന്തതയോടെ ആ വൃദ്ധൻ പറഞ്ഞ മറുപടി ഏവരെയും ചിന്തിപ്പിക്കുന്നതായിരുന്നു. ഒരു മീനിന്റെ ജീവിതത്തിൽ ഒരു മാറ്റം ഉണ്ടാക്കുവാൻ കഴിയുന്നെങ്കിൽ അത് വലിയ ഒരു നിയോഗമായി ഞാൻ കരുതുന്നു. ചെറിയ കാര്യമാണെങ്കിലും തങ്ങളാൽ കഴിയുന്നത് മറ്റുള്ളവർക്കുവേണ്ടി ചെയ്യുവാനുള്ള സന്മനസ് ഉണ്ടാകണമെന്നാണ് ആ വൃദ്ധൻ പ്രവൃത്തിയിലൂടെ തെളിയിച്ചതെന്നും മന്ത്രി പറഞ്ഞു.

കോന്നിയിലെ കേന്ദ്രീയവിദ്യാലയം അട്ടച്ചാക്കൽ സെന്റ് ജോർജ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ താത്ക്കാലികമായി തുടങ്ങുന്നതിന് വേണ്ട മുന്നൊരുക്കങ്ങൾക്ക് നേതൃത്വം നൽകിയ അടൂർ പ്രകാശ് എംഎൽഎയെയും കേന്ദ്രീയവിദ്യാലയം പത്തനംതിട്ടയ്ക്ക് അനുവദിക്കുന്നതിന് ശ്രമിച്ച ആന്റോ ആന്റണി എംപിയെയും താത്ക്കാലികമായി വിദ്യാലയം പ്രവർത്തിപ്പിക്കുന്നതിന് വിട്ടുനൽകിയ സ്കൂൾ മാനേജർ ഫാ.ജസനെയും പ്രവർത്തനങ്ങൾ കാര്യക്ഷമമായി ഏകോപിപ്പിച്ച ജില്ലാ കളക്ടർ പി.ബി.നൂഹിനെയും മന്ത്രി പ്രത്യേകം അഭിനന്ദിച്ചു.

ആന്റോ ആന്റണി എംപി അധ്യക്ഷത വഹിച്ച ചടങ്ങിൽ അടൂർ പ്രകാശ് എംഎൽഎ, ജില്ലാ കളക്ടർ പി.ബി.നൂഹ്, കേന്ദ്രീയ വിദ്യാലയ ഡെപ്യൂട്ടി കമ്മീഷണർ എസ്.എം.സലിം, അസിസ്റ്റന്റ് കമ്മീഷണർ സി.കരുണാകരൻ, പ്രിൻസിപ്പൽ എൻ.രാകേഷ് എന്നിവർ പ്രസംഗിച്ചു.

കോന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കോന്നിയൂർ പി.കെ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പ്രവീൺ പ്ലാവിളയിൽ, വിവിധ തദ്ദേശഭരണ ഭാരവാഹികൾ, ജനകീയ സമിതി ഭാരവാഹികൾ, രാഷ്ട്രീയകക്ഷി പ്രതിനിധികൾ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

ഗാന്ധിജയന്തി ദിനത്തോടനുബന്ധിച്ച് ശുചിത്വത്തിന്റെ പ്രാധാന്യം ഉൾക്കൊള്ളുന്ന പ്രതിജ്ഞയും ചടങ്ങിനോടനുബന്ധിച്ച് മന്ത്രി ചൊല്ലിക്കൊടുത്തു.

എറണാകുളം മേഖലയ്ക്ക് കീഴിലെ 40-ാമത്തെയും, പത്തനംതിട്ട ജില്ലയിലെ മൂന്നാമത്തെയും കേന്ദ്രീയ വിദ്യാലയമാണ് കോന്നിയിലെ അട്ടചാക്കൽ സെന്റ് ജോർജ്ജ് വി.എച്ച്.എസ്.എസ് ൽ താത്ക്കാലികമായി പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. ഒന്ന് മുതൽ അഞ്ച് വരെ ക്ലാസുകളിലായി 200ഓളം കുട്ടികൾക്കാണ് ഇവിടെ പ്രവേശനം നൽകിയിട്ടുള്ളത്. കോന്നി കേന്ദ്രീയവിദ്യാലയത്തിന് സ്വന്തം കെട്ടിടം നിർമിക്കുന്നതിനുള്ള നടപടികൾ അരുവാപ്പുലം വില്ലേജിൽ കോന്നി നിർദിഷ്ട കോന്നി മെഡിക്കൽ കോളേജിന് സമീപത്തുള്ള സ്ഥലത്ത് നടന്നുവരുകയാണ്. പുതിയ കെട്ടിടം പൂർത്തിയാകുന്നതോടെ കോന്നി കേന്ദ്രീയ

വിദ്യാലയത്തിന്റെ പ്രവർത്തനങ്ങൾ അവിടേക്ക് മാറ്റും. രണ്ട് വർഷംകൊണ്ട് പുതിയ കെട്ടിടത്തിന്റെ നിർമാണം പൂർത്തിയാക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് കേന്ദ്രീയവിദ്യാലയ അധികൃതർ അറിയിച്ചു.

(പിഎൻപി 4178/18)

## സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകളുടെ നേതൃത്വത്തിൽ ഊർജിത ശുചീകരണം നടത്തി

ഗാന്ധി ജയന്തി വരാചാരണത്തോടനുബന്ധിച്ച് ജില്ലയിലെ 24 സ്കൂളികളിലെ 2025 സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകൾ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. പൊതു സ്ഥലങ്ങൾ, ആശുപത്രി പരിസരങ്ങൾ എന്നിവടങ്ങളിൽ നിന്ന് കുട്ടികൾ മാലിന്യങ്ങൾ ശേഖരിക്കുകയും സംസ്കരിക്കുന്നതിനായി വേർ തിരിക്കുകയും ചെയ്തു. ജില്ലാ നോഡൽ ഓഫീസറും ഡി വൈ എസ് പിയുമായ ആർ. പ്രദീപ്കുമാർ, ആസിസ്റ്റന്റ് ജില്ലാ നോഡൽ ഓഫീസർ ജെ. പ്രദീപ് എന്നിവരുടെ നേതൃത്വത്തിലാണ് സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകൾ ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയത്.

പുല്ലാട് എസ് വി എച്ച് എസ് എസിലെ 80 കേഡറ്റുകൾ കോഴഞ്ചേരി ജില്ലാ ആശുപത്രി ശുചീകരിച്ചു. ഇടയാറന്മുള എ എം എം എച്ച് എസ് എസിലെ കേഡറ്റുകളും കോഴഞ്ചേരി സെന്റ് തോമസ് എച്ച് എസിലെ കേഡറ്റുകളും സംയുക്തമായി ആറന്മുള പോലീസ് സ്റ്റേഷൻ, ട്രാഫിക് പാർക്ക് എന്നിവിടങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. പത്തനംതിട്ട ഗവൺമെന്റ് എച്ച് എസിലെ കേഡറ്റ്സ് പത്തനംതിട്ട ജനറൽ ആശുപത്രിയിൽ ശൂചീകരണം നടത്തി. അടൂർ ഗവൺമെന്റ് എച്ച് എസ് എസിലെ കേഡറ്റ്സ് ഗാന്ധിയൻ കെ എൻ മത്തായിയെ ആദരിച്ചു. (പിഎൻപി 4179/18)

## ശുചീകരണം നടത്തി

മെഴുവേലി ഗ്രാമപഞ്ചായത്തിൽ ഗാന്ധിജയന്തി വാരാചരണത്തിന്റേയും സ്വച്ഛതാ ഹി സേവ ക്യാമ്പയിന്റെയും ഭാഗമായി വിപുലമായ ശുചീകരണ പരിപാടികൾ സംഘടിപ്പിച്ചു. വാർഡടിസ്ഥാനത്തിൽ അങ്കണവാടികൾ, സ്കുളുകൾ, വിവിധ സർക്കാർ സ്ഥാപനങ്ങൾ, മറ്റു പൊതു സ്ഥലങ്ങൾ എന്നിവ കേന്ദ്രീകരിച്ച് ശുചീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. തൊഴിലുറപ്പു പദ്ധതി പ്രവർത്തകർ, കടുംബശ്രീ പ്രവർത്തകർ, ആശാ പ്രവർത്തകർ, മറ്റു സന്നദ്ധ പ്രവർത്തകർ എന്നിവരുടെ ആഭിമുഖ്യത്തിലാണ് ശുചീകരണം നടന്നത്.ഇതോടൊപ്പം സ്കൂൾ വിദ്യാർത്ഥികൾക്കും തൊഴിലുറപ്പു തൊഴിലാളികൾക്കുമായി ശുചിത്വ –ആരോഗ്യ ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു. ഗാന്ധിജയന്തി ദിനത്തിൽ ഇലവുംതിട്ടയിലുള്ള മഹാകവി മൂലൂർ സ്മാരക ജംഗ്ഷനിൽ ശുചിത്വ സന്ദേശ റാലി സംഘടിപ്പിച്ചു. റാലിയിൽ കുടുംബശ്രീ – തൊഴിലുറപ്പു പ്രവർത്തകർ പങ്കെടുത്തു.

(പിഎൻപി 4180/18)

## പ്രളയത്തിൽ നഷ്ടപ്പെട്ട സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാൻ ഇന്ന് (3) കോഴഞ്ചേരിയിൽ അദാലത്ത്

പ്രളയത്തിൽ നഷ്ടപ്പെട്ട വിവിധ സർട്ടിഫിക്കറ്റുകളുടെ ഡ്യൂപ്ലിക്കേറ്റുകൾ നൽകുന്നതിന് ജില്ലാ ഭരണകൂടവും സംസ്ഥാന ഐടി മിഷനും സംയുക്തമായി ഇന്ന് കോഴഞ്ചേരി പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ രാവിലെ 10 മുതൽ അഞ്ച് വരെയാണ് അദാലത്ത് നടത്തും. ജില്ലാ കളക്ടർ പി.ബി.നൂഹ് ഉദ്ഘാടനം ചെയ്യും. പ്രളയത്തിൽ നഷ്ടപ്പെട്ട ആധാർ കാർഡ്, എസ്എസ്എൽസി സർട്ടിഫിക്കറ്റ്, റേഷൻ കാർഡ്, ഡ്രൈവിംഗ് ലൈസൻസ്, വാഹനരജിസ്ട്രേഷൻ രേഖ, പ്രമാണങ്ങൾ, ഇൻഷുറൻസ് രേഖകൾ, ആരോഗ്യഇൻഷുറൻസ് കാർഡ്, ജനന–മരണ, വിവാഹ രേഖകൾ, ഇ–ഡിസ്ട്രിക്ട് സംവിധാനത്തിലൂടെ ലഭിക്കുന്ന രേഖകൾ തുടങ്ങിയവയുടെ പകർപ്പുകളാണ് സൗജന്യമായി ലഭിക്കുന്നത്. എസ്എസ്എൽസിയു

ടെ 2001 മുതലുള്ള സർട്ടിഫിക്കറ്റുകൾ മാത്രമേ ലഭിക്കൂ. അതിന് മുമ്പുള്ളവ ലഭിക്കുന്നതിന് പഠിച്ച സ്കൂളുകളുമായി ബന്ധപ്പെടണം. അദാലത്തിനെത്തുന്നവർ പേര്, ബന്ധപ്പെടേണ്ട വകുപ്പ് തുടങ്ങിയ വിവരങ്ങൾ കൗണ്ടറിൽ നൽകി ടോക്കൺ കൈപ്പറ്റണം. അദാലത്ത് സംബന്ധിച്ച വിശദവിവരം കൗണ്ടറിൽ ലഭിക്കും. (പിഎൻപി 4081/18)

## ഫോട്ടോ അടിക്കുറിപ്പ്

1) കോന്നി കേന്ദ്രീയ വിദ്യാലയത്തിന്റെ പ്രവർത്തനോദ്ഘാടനം കേന്ദ്ര ടൂറിസം സഹമന്ത്രി അൽഫോൺസ് കണ്ണന്താനം നിർവഹിക്കുന്നു.
2) ഗാന്ധിജയന്തി ദിനത്തോടനുബന്ധിച്ചുള്ള ശുചിത്വപ്രതിജ്ഞ കേന്ദ്രമന്ത്രി അൽഫോൺസ് കണ്ണന്താനം ചൊല്ലിക്കൊടുക്കുന്നു.
3) കേന്ദ്രീയവിദ്യാലയം ഉദ്ഘാടനത്തിനെത്തിയ കേന്ദ്രമന്ത്രി അൽഫോൺസ് കണ്ണന്താനത്തിന് ജില്ലയുടെ ഉപഹാരം ജില്ലാ കളക്ടർ പി.ബി.നൂഹ് നൽകുന്നു.
4) ഗാന്ധിജയന്തി വാരാചരണത്തോട് അനുബന്ധിച്ച് കോഴഞ്ചേരി ജില്ലാ ആശുപത്രിയിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്സുകൾ നടത്തിയ ശുചീകരണം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി ഉദ്ഘാടനം ചെയ്യുന്നു.
5) മെഴുവേലി ഗ്രാമപഞ്ചായത്തിൽ ഗാന്ധിജയന്തി വാരാചരണത്തിന്റേയും സ്വച്ഛതാ ഹി സേവ ക്യാമ്പയിന്റെയും ഭാഗമായി നടത്തിയ റാലി.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ഒക്ടോബർ 2<br>October 2 | 2018 |
|---|---|

*1193 കന്നി 16 ചൊവ്വ*

# പത്രക്കുറിപ്പ്-3



www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657


**കുറ്റപ്പുഴ തോട് ശുചീകരണത്തിന് തുടക്കമായി**

കവിയൂർ പുഞ്ചയിൽ കൃഷി തുടങ്ങാനുള്ള ആദ്യത്തെ ജനകീയ കൂട്ടായ്മയ്ക്ക് ഗാന്ധിജയന്തി ദിനത്തിൽ തുടക്കം. ഇതിന്റെ ഭാഗമായുള്ള കുറ്റപ്പുഴ തോട് ശുചീകരണം തിരുവല്ല നഗരസഭ ചെയർമാൻ ചെറിയാൻ പോളച്ചിറക്കൽ ഉദ്ഘാടനം ചെയ്തു. പഞ്ചായത്തിലെ ഒന്നുമുതൽ പത്തുവരെയുള്ള വാർഡുകളിൽ നിന്നുള്ള തൊഴിലുറപ്പുകാർ, കുടുംബശ്രീ പ്രവർത്തകർ, സന്നദ്ധ പ്രവർത്തകർ എന്നിവർ ഉൾപ്പെടെ അഞ്ഞൂറോളം പേരാണ് തോട് ശുചീകരണത്തിൽ പങ്കാളികളായത്. കവിയൂർ പുഞ്ചയിൽ അമിതമായി വെള്ളം കയറുകയോ, വെള്ളപ്പൊക്കമുണ്ടാകുകയോ ചെയ്താൽ പുഞ്ചയിൽ നിന്ന് വെള്ളം പുറത്തെത്തിക്കാനുള്ള ഏക മാർഗമാണ് കുറ്റപ്പുഴ തോട്. തോട് വൃത്തിയായെങ്കിൽ മാത്രമേ ജലാഗമന-നിർഗമനം ഫലപ്രദമായ രീതിയിൽ സാധ്യമാകൂ. അതിനാണ് ചെറുതോടുകൾ ഉൾപ്പെടെ വൃത്തിയാക്കുന്നത്. മാത്രവുമല്ല 60 അടിയോളം താഴ്ചയുള്ള തോടിന്റെ ഇരുകരകളിലുമായി താമസിക്കുന്ന ജനങ്ങളുടെ സുരക്ഷ കൂടി കണക്കിലെടുത്താണ് തോട് വൃത്തിയാക്കൽ. വരും ദിവസങ്ങളിൽ യന്ത്ര സാമഗ്രികൾ ഉപയോഗിച്ചുള്ള വൃത്തിയാക്കലും നടക്കും.

കൗൺസിലർമാരായ ബിജു കാഞ്ഞിരത്തുംമൂട്ടിൽ, അരുന്ധതി രാജേഷ്, ശാന്തമ്മ മാത്യു, ശരണ്യ, റീനാതോമസ്, സാറാമ്മ മാത്യു, ഹരിത കേരള മിഷൻ ജില്ലാ കോർഡിനേറ്റർ ആർ രാജേഷ്, മുനിസിപ്പൽ സെക്രട്ടറി ബിജു, അഭിജിത്ത്, അനിൽകുമാർ, പ്രസാദ്കുമാർ, ഫിലിപ്, മോൻസി, പ്രകാശ് ബാബു, പി കെ ബാബു,

സജിതോമസ്, സുരേഷ് കുറുപ്പ് , പി എസ് സണ്ണി, കുടുംബശ്രീ പ്രവര്‍ത്തകര്‍, കര്‍ഷകര്‍, തൊഴിലാളികള്‍, തുടങ്ങിയവര്‍ പങ്കെടുത്തു.

കവിയൂര്‍ പുഞ്ചയില്‍ നവംബര്‍ പകുതിയോടെ കൃഷി ആരംഭിക്കുന്നതിനുള്ള നിരവധി പ്രവര്‍ത്തനങ്ങള്‍ നടന്നുവരികയാണ്. പ്രവര്‍ത്തനങ്ങള്‍ അവലോകനം ചെയ്യുന്നതിനായി ജനപ്രതിനിധികളുടെയും, വിവിധ വകുപ്പുകളുടെ ഉദ്യോഗസ്ഥരുടെയും യോഗം ഇന്ന് (3) ഉച്ചയ്ക്ക് രണ്ടിന് തിരുവല്ല മുനിസിപ്പാലിറ്റിയില്‍ ചേരും. കൃഷി, ഇറിഗേഷന്‍, തൊഴിലുറപ്പ്, തദ്ദേശസ്വയംഭരണം, കെ.എസ്.ഇ.ബി തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥര്‍ പങ്കെടുക്കണമെന്ന് ഹരിതകേരളം മിഷന്‍ ജില്ലാ കോ-ഓര്‍ഡിനേറ്റര്‍ ആര്‍. രാജേഷ് അറിയിച്ചു. (പിഎന്‍പി 4082/18)

## എഴിക്കാട് ഖാദി യൂണിറ്റിന്റെ പുനസമര്‍പ്പണം ഇന്ന് (3)

പ്രളയത്തില്‍ തകര്‍ന്ന ഖാദി യൂണിറ്റിന്റെ പുനസമര്‍പ്പണം ഇന്ന് (3) രാവിലെ 10.30ന് എഴിക്കാട് ഖാദി നൂല്‍പ്പ് കേന്ദ്രത്തില്‍ വീണാജോര്‍ജ് എംഎല്‍എ ഉദ്ഘാടനം ചെയ്യും. ഖാദി ബോര്‍ഡ് വൈസ് ചെയര്‍പേഴ്സണ്‍ ശോഭനാജോര്‍ജ് അധ്യക്ഷത വഹിക്കും. ഖാദി ബോര്‍ഡ് സെക്രട്ടറി ടി.വി.കൃഷ്ണകുമാര്‍, ആറന്മുള ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഐഷ പുരുഷോത്തമന്‍, ഖാദി ഡയറക്ടര്‍ എം.സുരേഷ് ബാബു, ഡെപ്യൂട്ടി ഡയറക്ടര്‍ കെ.കെ.ചാന്ദിനി, വാര്‍ഡ് അംഗം സോമവല്ലി, ഖാദി വര്‍ക്കേഴ്സ് ഫെഡറേഷന്‍ പ്രസിഡന്റ് അമൃതം ഗോകുലന്‍, പ്രോജക്ട് ഓഫീസര്‍ പി.റ്റി.അനുമോദ് തുടങ്ങിയവര്‍ പങ്കെടുക്കും. (പിഎന്‍പി 4083/18)

**ഫോട്ടോ അടിക്കുറിപ്പ്**

2) ഗാന്ധിജയന്തി ദിനത്തില്‍ കുറ്റപ്പുഴ തോട് ശുചീകരിക്കുന്നു.




**ഇന്‍ഫര്‍മേഷന്‍&പബ്ലിക് റിലേഷന്‍സ് വകുപ്പ്**

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ഒക്ടോബർ 2 | |
|---|---|
| October 2 | 2018 |

***1193 കന്നി 16 ചൊവ്വ***

# പത്രക്കുറിപ്പ്-5

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

---

**ജില്ലാ പോലീസ് ആസ്ഥാനം ശുചീകരിച്ചു**

ഗാന്ധിജയന്തി ദിനത്തോടനുബന്ധിച്ച് ജില്ലാ പോലീസ് ആസ്ഥാനവും പരിസരവും ശുചീകരിച്ചു. ജില്ലാ പോലീസ് മേധാവി ടി. നാരായണന്റെ നേതൃത്വത്തിൽ പോലീസ് വകുപ്പിലെ നൂറോളം ജീവനക്കാർ ശുചീകരണത്തിൽ പങ്കെടുത്തു. ശുചീകരണത്തിന്റെ ഭാഗമായി ശേഖരിച്ച മാലിന്യങ്ങൾ സംസ്കരിച്ചു.

(പിഎൻപി 4085/18)

**രക്ഷാപ്രവർത്തനം നടത്തിയ പോലീസ് ഉദ്യോഗസ്ഥരെ ആദരിക്കുന്നു**

പ്രളയവുമായി ബന്ധപ്പെട്ട് രക്ഷാപ്രവർത്തനം നടത്തുകയും ഓപ്പറേഷൻ ജലരക്ഷാ പദ്ധതിയിൽ പങ്കാളികളാകുകയും ചെയ്ത കെഎപി മൂന്നാം ബറ്റാലിയനിലെ പോലീസ് ഉദ്യോഗസ്ഥരെ ആദരിക്കുന്നു. നാളെ(4) രാവിലെ 11ന് കെഎപി മൂന്നാം ബറ്റാലിയൻ ഓഡിറ്റോറിയത്തിൽ അസിസ്റ്റന്റ് ഡയറക്ടർ ജനറൽ ഓഫ് പോലീസ് (ഹെഡ് ക്വാർട്ടേഴ്സ്) അനന്തകൃഷ്ണൻ സേനാംഗങ്ങൾക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്യും.

കെഎപി മൂന്നാം ബറ്റാലിയൻ യൂണിറ്റ് മേധാവി കെ.ജി. സൈമൺ സന്നിഹിതനായിരിക്കും. നാല് ആംഡ് പോലീസ് ഇൻസ്പെക്ടർ, 13 ആംഡ് പോലീസ് സബ് ഇൻസ്പെക്ടർ, ഏഴ് ആംഡ് പോലീസ് അസിസ്റ്റന്റ് ഇൻസ്പെക്ടർ, 329 പോലീസ് സേനാംഗങ്ങൾ, 225 റിക്രൂട്ട് പോലീസ് സേനാംഗങ്ങൾ എന്നിവർക്കുള്ള സർട്ടിഫിക്കറ്റുകളാണ് വിതരണം ചെയ്യുകയെന്ന് കെഎപി മൂന്നാം ബറ്റാലിയൻ അസിസ്റ്റന്റ് കമാൻഡന്റ്

കെ. സുരേഷ് രാജ് അറിയിച്ചു.

(പിഎൻപി 4086/18)

**ഫോട്ടോ അടിക്കുറിപ്പ്**

7) ഗാന്ധിജയന്തി ദിനത്തിൽ ജില്ലാ പോലീസ് ആസ്ഥാനത്ത് നടന്ന ശുചീകരണത്തിന് ജില്ലാ പോലീസ് മേധാവി ടി. നാരായണൻ തുടക്കം കുറിക്കുന്നു.




**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**